



2025-26 അധ്യയന വർഷത്തെ പിടിഎ ജനറൽ ബോഡി യോഗം ഓഗസ്റ്റ് 29-ന് രാവിലെ 10മണിക്ക് ജി യു പി എസ് എലപ്പുള്ളി യിലെ പ്രധാന കെട്ടിടമായ ലൈബ്രറി ഹാളിൽ വച്ച്

നടന്നു.



ഏകദേശം ഇരുന്നൂറിലധികം രക്ഷിതാക്കൾ പിടിഎ
പൊതുയോഗത്തിൽ പങ്കെടുത്തു. പ്രധാന
അധ്യാപനകനായ ശ്രീ ബാലകുമാർ സർ
പൊതുയോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം
ആശംസിച്ചു.



**പി ടി എ പ്രസിഡൻ്റ് ശ്രീ ഗംഗാധരൻ അവർകൾ അദ്ധ്യക്ഷത വഹിച്ചു.**



കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് സീനിയർ അധ്യാപികയായ ശ്രീമതി ശ്രീലത ടീച്ചർ യോഗത്തിൽ അവതരിപ്പിച്ചു.



തുടർന്ന് കഴിഞ്ഞ ഒരു വർഷത്തെ പിടിഎയുടെ വരവ് ചെലവ് കണക്കുകൾ ഹെഡ് മാസ്റ്ററായ ശ്രീ ബാലകുമാർ സർ അവർകൾ

അവതരിപ്പിച്ചു.



പുതിയ പിടിഎ ഭാരവാഹികളെ തെരഞ്ഞെടുക്കലും വിദ്യാലയത്തിന്റെ വികസന കാര്യങ്ങൾ ചർച്ച ചെയ്യലും ആയിരുന്നു പിടിഎ പൊതുയോഗത്തിന്റെ പ്രധാന അജണ്ട. പഠന പ്രവർത്തനങ്ങളോടൊപ്പം തന്നെ ഡാൻസ്, പാട്ട് , കരാട്ടെ, യോഗ,ചിത്രരചന,തുടങ്ങിയ പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികൾക്ക് താൽപ്പര്യം ജനിപ്പിക്കുന്നതിന് വേണ്ടി വിദ്യാലയത്തിൽ ക്ലാസുകൾ സംഘടിപ്പിച്ചതിനെ പൊതുയോഗത്തിൽ പങ്കെടുത്ത രക്ഷിതാക്കൾ പ്രത്യേകം അഭിനന്ദിച്ചു.



പുതിയ കെട്ടിടനിർമ്മാണ പ്രവർത്തന പുരോഗതി വിലയിരുത്തി.. ഇപ്പോഴുള്ള പരിമിതികളെ മറികടക്കാൻ എന്തൊക്കെ ചെയ്യണം എന്നും വരുന്ന മേളകളിൽ കുട്ടികൾക്ക് മിന്നുന്ന പ്രകടനം കാഴ്ച വെക്കാൻ നടത്തേണ്ട പ്രവർത്തനങ്ങളേകുറിച്ചും യോഗം ചർച്ച ചെയ്തു. തുടർന്ന് പുതിയ പിടിഎ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി. പിടിഎ എക്സിക്യൂട്ടീവ്
കമ്മിറ്റി,



# മദർ പിടിഎ കമ്മിറ്റി,



# സ്കൂൾ മാനേജ്മെൻ്റ്
# കമ്മിറ്റി



തുടങ്ങിയ മൂന്നു കമ്മിറ്റികളിലേക്കും അംഗങ്ങളെ തിരഞ്ഞെടുത്തു. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ നിർദ്ദേശ പ്രകാരവും പിടിഎ പൊതുയോഗത്തിൽ പങ്കെടുത്ത രക്ഷിതാക്കളുടെ സമ്മത പ്രകാരവും എക്സിക്യൂട്ടീവ് അംഗമായ ശ്രീ പ്രദീപ് അവർകൾ പിടിഎ പ്രസിഡണ്ടായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗമായ ശ്രീ ബാബു അവർകൾ പിടിഎ വൈസ് പ്രസിഡന്റായി
തെരഞ്ഞെടുക്കപ്പെട്ടു



മദർ പി ടി എ കമ്മിറ്റിയിലെ അംഗങ്ങളുടെ നിർദ്ദേശപ്രകാരം ശ്രീമതി നിഷ    എം പി ടി എ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.



എസ് എം സി ചെയർമാനായി ശ്രീ മോഹനൻ എല്ലാവരുടെയും നിർദ്ദേശപ്രകാരം എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു



വിദ്യാലയത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും പിടിഎ യുടെ പൂർണ്ണമായുള്ള പങ്കാളിത്തം ഉറപ്പുവരുത്തുമെന്ന് പിടിഎ പ്രസിഡണ്ടായ ശ്രീ പ്രദീപ് അവർകൾ പറഞ്ഞു. രക്ഷിതാക്കളുടെ അഭിപ്രായത്തെ മാനിച്ചു കൊണ്ട്

കുട്ടികൾക്ക് വേണ്ട എല്ലാവിധസുരക്ഷാ ക്രമീകരണങ്ങളും സ്കൂളിനകത്തും പുറത്തും ഒരുക്കുമെന്നും..കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് വേണ്ട എല്ലാവിധ സജ്ജീകരണങ്ങളും പി ടി എ ഒരുക്കുമെന്നും പുതിയ പി ടി എ പ്രസിഡൻ്റ് ശ്രീ പ്രദീപ് അവർകൾ ഉറപ്പ് നൽകി..



സമയകുറവ് മൂലം ഏറ്റവും അടുത്ത ദിവസം തന്നെ

പുതിയ പി ടി എ എക്സിക്യൂട്ടീവ് യോഗം കൂടാനും യോഗം തീരുമാനിച്ചു.ഒടുവിലായി സ്റ്റാഫ് സെക്രട്ടറി ശ്രീമതി സ്മിത ടീച്ചർ



## എല്ലാവർക്കും നന്ദി പറഞ്ഞു കൊണ്ട് യോഗം അവസാനിപ്പിച്ചു

**……………. നന്ദി…………..**